5 (2153) പൊതുമേഖലാ സ്ഥാപനങ്ങളിലെ മൂലധന നിക്ഷേപം

ശ്രീ. എ. കണാരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ആകെ എത്ര പൊതുമേഖലാ സ്ഥാപനങ്ങൾക്ക് സംസ്ഥാന ഗവൺമെന്റ് മാത്രമായി മൂലധനനിക്ഷേപം നടത്തിയിട്ടുണ്ട്;

(ബി) സംസ്ഥാന ഗവൺമെന്റും കേന്ദ്രഗവൺമെന്റും ചേർന്ന് എത്ര പൊതുമേഖലാ സ്ഥാപനങ്ങളിൽ മൂലധനനിക്ഷേപം നടത്തിയിട്ടുണ്ട്;

(സി) കേന്ദ്രഗവൺമെന്റ് മാത്രമായി മൂലധന നിക്ഷേപം നടത്തിയിട്ടുള്ള എത്ര പൊതുമേഖലാസ്ഥാപനങ്ങളാണുള്ളത്;

(ഡി) ഗവൺമെന്റും സ്വകാര്യമേഖലയും സംയുക്തമായി മൂലധനനിക്ഷേപം നടത്തിയിട്ടുണ്ടോ;

(ഇ) വിശദമായ ഒരു റിപ്പോർട്ട് ഇതു സംബന്ധിച്ച് നൽകുമോ?

ഉത്തരം

(എ) കേരളത്തിലെ 76 പൊതുമേഖലാസ്ഥാപനങ്ങളിൽ സംസ്ഥാന ഗവൺമെന്റ് മാത്രമായി മൂലധനനിക്ഷേപം നടത്തിയിട്ടുണ്ട്.

(ബി) 10 സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽ സംസ്ഥാന സർക്കാരും കേന്ദ്രഗവൺമെന്റും ചേർന്ന് മൂലധനനിക്ഷേപം നടത്തിയിട്ടുണ്ട്.

(സി) കേന്ദ്രഗവൺമെന്റിന്റെ ഭൂരിപക്ഷ മൂലധനനിക്ഷേപമുള്ള 19 പൊതുമേഖലാ സ്ഥാപനങ്ങൾ കേരളത്തിലുണ്ട്.

(ഡി)&(ഇ) ഗവൺമെന്റ് നേരിട്ട് സ്വകാര്യമേഖലയുമായി ചേർന്ന് മൂലധനനിക്ഷേപം നടത്താറില്ല. സ്വകാര്യമേഖലയിലെ വ്യവസായസ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് കേരള സ്റ്റേറ്റ് ഇൻഡസ്ട്രീയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങൾ മുഖേന അംഗീകൃതപദ്ധതി അനുസരിച്ച് ധനനിക്ഷേപം നടത്താറുണ്ട്. വിശദവിവരം ശേഖരിച്ചുവരുന്നു.

6 (2154) വനിതാ വ്യവസായ യൂണിറ്റുകൾ

ശ്രീമതി റോസമ്മ ചാക്കോ :
ശ്രീമതി. രാധാ രാഘവൻ :
ശ്രീ. കെ. ബാബു :
ശ്രീ. ഇ.എം. അഗസ്തി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വനിതാ വ്യവസായ യൂണിറ്റുകളുണ്ട്;

(ബി) വനിതാ വ്യവസായ യൂണിറ്റുകൾക്ക് ഗവൺമെന്റിൽനിന്നും എന്തെല്ലാം സഹായങ്ങൾ നൽകിവരുന്നുണ്ട്;

(സി) വനിതാ വ്യവസായസംരംഭകർക്ക് എന്തെല്ലാം വിധത്തിലുള്ള പരിശീലനങ്ങൾ നൽകുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പൂട്ടിക്കിടക്കുന്ന വനിതാ വ്യവസായസംരംഭങ്ങൾ തുറന്നു പ്രവർത്തിക്കുവാൻ എന്തെല്ലാം സഹായങ്ങൾ നൽകുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 31.1.2000 വരെ 11842 വനിതാ വ്യവസായ യൂണിറ്റുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) വനിതാ വ്യവസായ യൂണിറ്റുകൾക്ക് ഗവൺമെന്റിൽനിന്നും കെട്ടിടനിർമ്മാണ ഗ്രാന്റ്, കെട്ടിട വാടക ഗ്രാന്റ്, മെഷീനറി ഗ്രാന്റ്, മാനേജീരിയൽ ഗ്രാന്റ്, പരിശീലനത്തിനായുള്ള ധനസഹായം എന്നിവ നൽകിവരുന്നുണ്ട്. കൂടാതെ മറ്റ് ചെറുകിട വ്യവസായങ്ങൾക്ക് ലഭ്യമാകുന്ന എല്ലാ ആനുകൂല്യങ്ങളും വനിതാ വ്യവസായങ്ങൾക്കും ലഭ്യമാണ്.

(സി) വനിതാ വ്യവസായ സംരംഭകർക്ക് വ്യവസായവകുപ്പ്, കിറ്റ്കോ, സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ്, സ്റ്റെഡ് എന്നീ ഏജൻസികൾ സംയുക്തമായും പ്രത്യേകമായും സംരംഭകത്വവികസന പരിശീലനം നൽകിവരുന്നുണ്ട്.

(ഡി) പൂട്ടിക്കിടക്കുന്ന വനിതാ വ്യവസായങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുവാൻ ധനകാര്യസ്ഥാപനങ്ങളുമായി ആലോചിച്ച് അവരുടെ അംഗീകാരത്തോടെ പീഡിത വ്യവസായ പുനരുദ്ധാരണപദ്ധതിയിൽ ഉൾപ്പെടുത്തി അതിന്റെ ആനുകൂല്യങ്ങൾ നൽകിവരുന്നു.

7 (2155) അടച്ചുപൂട്ടിയ വ്യവസായങ്ങൾ

ശ്രീ. പി.കെ. അബ്ദുറബ് :

ശ്രീ. എം.കെ. മുനീർ :

ശ്രീ. ചെർക്കളം അബ്ദുള്ള : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പുതിയ വ്യവസായങ്ങളാരംഭിച്ചിട്ടുണ്ട്;

(ബി) അവയിൽ എത്രപേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര വ്യവസായങ്ങൾ അടച്ചുപൂട്ടിയിട്ടുണ്ടെന്നും എത്രപേർക്ക് തൊഴിൽനഷ്ടപ്പെട്ടുവെന്നും വെളിപ്പെടുത്തുമോ;

(ഡി) 1996-നു ശേഷം എത്ര വ്യവസായങ്ങൾ അന്യസംസ്ഥാനങ്ങളിലേക്ക് മാറ്റി സ്ഥാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം 31.1.2000 വരെ 72195 ചെറുകിട വ്യവസായങ്ങൾക്ക് സ്ഥിരം രജിസ്ട്രേഷൻ നൽകി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ടെക്നോപാർക്കിൽ ഈ കാലയളവിൽ 32 കമ്പനികൾ വ്യവസായം ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി.യുടെ സഹായത്തോടെ 160 വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ട്. കിൻഫ്രയുടെ വിവിധ പാർക്കു

LIBRARY ARCHIVES Kerala Legislative Assembly